**MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION**
( Under the Holy Apostolic See of Antioch and All the East ) Reg.No. ER/308/07
**KOTTAYAM DIOCESE**

https://mjssakottayamdiocese.com
https://www.facebook.com/M.J.S.S.A.KottayamDiocese
mjssakottayamdiocese@gmail.com

**AVINESH ABRAHAM THANDASSERIL**
**DIRECTOR**
MJSSA KOTTAYAM DIOCESE
9061200790

**No: KTYM/ D/ Academic / 04**

**Date : 28.03.2024**

# MJSSA കലോത്സവം 2024

ജൂണിയർ ( Date of Birth 01.01.2012 to 31.12.2015 )

## ക്രിസ്തീയ കുടുംബം

MJSSA കോട്ടയം ഭദ്രാസനത്തിന് വേണ്ടി
റവ.ഫാ.അഭിലാഷ് ഏബ്രഹാം വലിയവീട്ടിൽ തയ്യാറാക്കിയ
ജൂണിയർ വിഭാഗത്തിനുള്ള മാതൃക പ്രസംഗം

**Prepared By**

**Rev. Fr. Abhilash Abraham Valiyaveettil**

**Vicar**
**St.THOMAS JACOBITE SYRIAN CHURCH PONKUNNAM**

**Assistant Vicar**
**St. ADAIS JACOBITE SYRIAN CHURCH NALUNNAKKAL**



--------------------------------------- ---

ത്രിയേക ദൈവത്തിന് സ്തുതി.

ബഹുമാന്യ സദസ്സിന് നമസ്കാരം. ഇന്നത്തെ എന്റെ പ്രസംഗ വിഷയം ക്രിസ്തീയ കുടുംബം എന്നുള്ളതാണല്ലോ. ആയതിനെക്കുറിച്ച് ഏതാനും ചില കാര്യങ്ങൾ പറഞ്ഞു കൊള്ളട്ടെ.

''ഫാമിലി' എന്ന ആംഗലേയ പദത്തിന് നാല് അർത്ഥങ്ങളാണ് നൽകപ്പെട്ടിരിക്കുന്നത്.

1. മാതാപിതാക്കളും കുഞ്ഞുങ്ങളും
2. ഒരു പൊതു പൂർവ്വികനിൽ നിന്നും വന്നിട്ടുള്ള വ്യക്തികൾ
3. കുഞ്ഞുങ്ങൾ മാത്രം
4. മൃഗങ്ങളുടെയോ ചെടികളുടെയോ കൂട്ടം

നിഘണ്ടുവിലുള്ള അർത്ഥങ്ങൾ ഇവയാണെങ്കിലും കുടുംബം എന്നത് ദൈവീക പദ്ധതി ആണെന്ന് വിശുദ്ധ വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു. നാഗരിക വേഗത എന്നുള്ളത് വർത്തമാന കാലത്തിന്റെ സ്വഭാവ വിശേഷതയാണ്. മനുഷ്യൻ സ്വയത്തിൽ ആശ്രയിച്ച് സ്വയത്തിനു വേണ്ടി അധ്വാനിച്ച് ജീവിക്കുന്ന ഈ കാലയളവിൽ കുടുംബ ബന്ധങ്ങൾ ശിഥിലമായിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല കുടുംബജീവിതത്തിന്റെ പുതിയ പുതിയ ആധുനിക അർത്ഥങ്ങൾ പോലും സമൂഹത്തിൽ കാണപ്പെട്ട് തുടങ്ങിയിട്ടുണ്ട് . നിസംഗതാബോധവും ശൂന്യത ബോധവും കൂടിവരുന്ന ഈ കാലയളവിൽ 'ക്രിസ്തീയ കുടുംബം' എന്നുള്ള നമ്മുടെ പ്രസംഗ വിഷയത്തിന് കാലികമായ പ്രസക്തിയുണ്ട്.

കുടുംബം ദൈവ രാജ്യത്തിന്റെ ഒരു ചെറിയ പതിപ്പാണ്. ഇത്തരം ചെറിയ പതിപ്പുകളുടെ കൂട്ടമാണ് സഭ. വ്യക്തിയെ രൂപപ്പെടുത്തുന്നതിൽ കുടുംബത്തിന് സുപ്രധാനമായ പങ്കു വഹിക്കാനുണ്ട് എന്നുള്ളത് തർക്കമറ്റ സംഗതിയാണ്. അങ്ങനെയെങ്കിൽ കുടുംബത്തെക്കുറിച്ചും അതിലുപരി ക്രിസ്തു കേന്ദ്രീകൃത ക്രിസ്തീയ കുടുംബത്തെക്കുറിച്ചും നാം ചിന്തിക്കേണ്ടത് അത്യാവശ്യമാണ്. ഒരു ഭവനം ക്രിസ്തു കേന്ദ്രീകൃത ഭവനമായി തീരണമെങ്കിൽ പ്രധാനമായും മൂന്നു കാര്യങ്ങളെ കുറിച്ചുള്ള തിരിച്ചറിവ് ആവശ്യമാണ്.

1. കുടുംബം ദൈവത്താൽ നിർമ്മിതമാണ് എന്നുള്ള അവബോധം നമുക്കുണ്ടാവണം
2. കുടുംബം ദൈവ സ്നേഹത്തിൽ അധിഷ്ഠിതമാണ് എന്ന് വിലയിരുത്തലുകൾ നമുക്കുണ്ടാവണം
3. ദൈവ കേന്ദ്രീകൃത കുടുംബത്തിന്റെ പ്രത്യേകതകളെ നാം തിരിച്ചറിയണം

Kottayam Diocese Kottayam Diocese Kottayam Diocese

ഒന്നാമതായി, കുടുംബം ദൈവത്താൽ നിർമ്മിതമാണ് എന്നുള്ള അവബോധം നമുക്കുണ്ടാവണം. വി.ഗ്രന്ഥത്തിൽ സങ്കീർത്തനങ്ങൾ 126 ഒന്നു മുതലുള്ള വചനങ്ങൾ "കർത്താവ് ഭവനം പണിയാതിരുന്നാൽ അതിനെ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു"എന്നു നാം വായിക്കുന്നു. ദൈവത്താൽ സ്ഥാപിതമായ ഒരു വ്യവസ്ഥിതിയാണ് കുടുംബം. വിശുദ്ധ ഗ്രന്ഥത്തിൽ രണ്ടാം സൃഷ്ടി വിവരണത്തിൽ ദൈവം മനുഷ്യനെയും എല്ലാ വസ്തുക്കളെയും സൃഷ്ടിച്ചതിനുശേഷം മനുഷ്യനെ ഏദൻ തോട്ടത്തിൽ ആക്കി, എന്നാൽ മനുഷ്യൻ ഏകനായിരുന്നു. അനന്തരം യഹോവയായ ദൈവം പറഞ്ഞു മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല. ആദ്യപുസ്തകം 2:18 ൽ അതുകൊണ്ട് ദൈവം താൻ സൃഷ്ടിച്ച എല്ലാ വസ്തുക്കളെയും അവന്റെ മുന്നിൽ വരുത്തി സകല വസ്തുക്കൾക്കും മനുഷ്യൻ പേരിട്ടു. എന്നാൽ ഈ സൃഷ്ടി വസ്തുക്കളിൽ നിന്ന് ഒന്നും മനുഷ്യന് തക്കതായ തുണയെ കണ്ടെത്താൻ കഴിഞ്ഞില്ല. അതുകൊണ്ട് ദൈവം ആദത്തിന് ഗാഢനിദ്ര വരുത്തി വീണ്ടും സൃഷ്ടികർമ്മം നടത്തി. പുതിയ സൃഷ്ടിയെ കണ്ടപ്പോൾ ആദം പറഞ്ഞു " ഇപ്പോൾ ഇത് എന്റെ അസ്ഥിയിൽ നിന്ന് അസ്ഥിയും മാംസത്തിൽ നിന്നു മാംസവുമാകുന്നു " ആദ്യപുസ്തകം 2:23 ൽ ഇങ്ങനെ ദൈവത്താൽ പണിയപ്പെട്ട സുന്ദരമായ സംവിധാനമാണ് കുടുംബം. അതുകൊണ്ട് കുടുംബം എന്ന വ്യവസ്ഥിതിയിൽ ദൈവത്തിന്റെ ക്രിയാത്മകമായ ഇടപെടൽ ഉണ്ട്. കുടുംബം ദൈവത്താൽ

നിർമ്മിതമായതു കൊണ്ട് തന്നെ ദൈവത്താൽ കുടുംബം പരിപാലിക്കപ്പെടുന്നു എന്നുള്ള തിരിച്ചറിവ് നമുക്കുണ്ടാകണം. ദൈവം കൂട്ടിച്ചേർത്ത കുടുംബ ബന്ധത്തിൽ ദൈവിക മനോഭാവത്തോടെ ജീവിക്കാൻ നമുക്ക് സാധിക്കണം.

രണ്ടാമതായി, കുടുംബം ദൈവ സ്നേഹത്തിൽ അധിഷ്ഠിതമാണ് എന്ന് വിലയിരുത്തലുകൾ നമുക്കുണ്ടാവണം. കുടുംബ ബന്ധം വളരെ പവിത്രമായ ഒന്നാണ്. പരസ്പരമുള്ള ഐക്യവും പരസ്പരമുള്ള പങ്കുവെക്കലും ഒരുമിച്ചുള്ള പ്രാർത്ഥനകളും അതിന്റെ തേജസ്സും ശ്രേയസ്സും വർദ്ധിപ്പിക്കും. കുടുംബത്തെ അവയുടെ സ്വഭാവം അനുസരിച്ച് രണ്ടായി തിരിക്കാം.

- ഒന്ന് സ്വയം കേന്ദ്രീകൃത കുടുംബങ്ങൾ
- രണ്ട് ദൈവ കേന്ദ്രീകൃത കുടുംബങ്ങൾ

വിശുദ്ധ ഗ്രന്ഥത്തിൽ നിന്ന് ആഹാബ് - ഇസബേൽ കുടുംബവും, അനന്യാസും - സഫീറ കുടുംബവും സ്വയം കേന്ദ്രീകൃത കുടുംബത്തിന് ഉദാഹരണങ്ങളാണ്. സ്വയ കേന്ദ്രീകൃത കുടുംബത്തിന്റെ പ്രത്യേകത അവിടെ തീരുമാനങ്ങൾ അവരുടെ യുക്തിക്കനുസരിച്ചാണ് എടുക്കുന്നത്. എന്നാൽ യോശുവായുടെ കുടുംബം, നസ്രത്തിലെ യേശു ഉൾപ്പെട്ട ജോസഫിന്റെയും മറിയയുടെയും കുടുംബം, ബഥാന്യയിലെ മാർത്തയുടെയും മറിയയുടെയും കുടുംബം തുടങ്ങിയവ ദൈവ കേന്ദ്രീകൃത കുടുംബത്തിന് ഉദാഹരണമാണ്. ഇവിടെ ക്രിസ്തുവിന്റെ സാന്നിധ്യം ഉണ്ട് , മാത്രമല്ല അവരുടെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും ദൈവം ഇടപ്പെടുന്നു. ക്രിസ്തു കേന്ദ്രീകൃത കുടുംബത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത എന്ന് പറയുന്നത് തീരുമാനങ്ങൾ ദൈവഹിത പ്രകാരം ആയിരിക്കും എന്നുള്ളതാണ്. അവരുടെ ജീവിതത്തിൽ ദൈവം കൃത്യമായി ഇടപെടുകയും ദൈവത്തിന് ഇടപെടാനുള്ള സാധ്യതകളെ അവർ നൽകുകയും ചെയ്യുന്നു.

Kottayam Diocese Kottayam Diocese Kottayam Diocese

സ്വയ കേന്ദ്രീകൃത അവസ്ഥയിൽ നിന്ന് ക്രിസ്തു കേന്ദ്രീകൃത അവസ്ഥയിലേക്ക് ഒരു ഭവനം മാറുന്നതിന്റെ ഉദാഹരണമാണ് സക്കായിയുടെ ഭവനം. പ്രിയപ്പെട്ടവരെ, നമ്മുടെ ഭവനങ്ങൾ ദൈവ കേന്ദ്രീകൃത ഇടങ്ങളായി രൂപപ്പെടണം. ദൈവ കേന്ദ്രീകൃത ഇടങ്ങൾ അതിൽ തന്നെ മറ്റുള്ളവരുടെ ആശ്വാസത്തിനും മറ്റുള്ളവരുടെ സമാധാനത്തിനും ഉള്ള ഇടങ്ങളായി വർദ്ധിക്കുകയും ചെയ്യണം. ദൈവ കേന്ദ്രീകൃത ഭവനങ്ങൾ പരസ്പര സ്നേഹത്തിലും ദൈവത്തോടുള്ള വിധേയത്വത്തിലും അധിഷ്ഠിതമാണ്. ഈ സ്നേഹത്തിൽ കരുതലും പങ്കുവെയ്ക്കലും പരസ്പര ബഹുമാനവും കൂട്ടുത്തരവാദിത്വം എല്ലാം അടങ്ങിയിരിക്കുന്നു. ഭവനത്തിനുള്ളിൽ നിന്ന് ഭവനത്തിന് വെളിയിലേക്ക് ഈ സ്നേഹത്തിന്റെ സ്വാധീനം വർദ്ധിപ്പിക്കണം. ഇത്തരം ദൈവ കേന്ദ്രീകൃത ഇടങ്ങളെല്ലാം സമൂഹത്തിൽ വിളക്കുകളായി പ്രശോഭിക്കുന്നുണ്ട്.

മൂന്നാമതായി, ദൈവ കേന്ദ്രീകൃത കുടുംബത്തിന്റെ പ്രത്യേകതകളെ നാം തിരിച്ചറിയണം. ദൈവകേന്ദ്രീകൃത ഭവനങ്ങൾ എല്ലാം ദൈവാരാധന മുഖമുദ്രയാക്കിയ വ്യക്തികൾ താമസിക്കുന്ന ഇടങ്ങളാണ്. ഉദാഹരണം ആദ്യപുസ്തകം പന്ത്രണ്ട് ഏഴിൽ ( 12:7 ) അബ്രഹാം എവിടെപ്പോയാലും അവിടെയെല്ലാം ദൈവമായ കർത്താവിനു വേണ്ടി ബലിപീഠം പണിയുകയും

ബലിയർപ്പണം നടത്തുകയും ചെയ്യുമായിരുന്നു. ബലിപീഠങ്ങളെല്ലാം ദൈവസാന്നിധ്യത്തിന്റെ സജീവ പ്രതീകങ്ങൾ ആയിരുന്നു. അപ്രകാരം തന്നെ കുടുംബത്തെ ഒരു ആരാധന കേന്ദ്രം ആക്കി മാറ്റുവാൻ അബ്രഹാമിന് സാധിച്ചു. ക്രിസ്തു കേന്ദ്രീകൃത കുടുംബത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത അത് ആരാധനാ ജീവിതത്തിൽ അധിഷ്ഠിതമായി വളർന്നുവരുന്ന ഭവനങ്ങൾ ആയിരിക്കും എന്നുള്ളതാണ്. ദൈവം നമ്മിൽ നൽകിയ വിശ്വാസം, നമ്മുടെ തലമുറകൾക്ക് സംവേദന ചെയ്തു കൊടുക്കാൻ കുടുംബം വഹിക്കുന്ന സ്ഥാനവും പങ്കാളിത്തവും ഉന്നതമാണ്. ദൈവാരാധനയുടെ വലിയ കൃപ ഒഴുകുന്ന ആരാധന താൽപര്യമുള്ള ഭവനങ്ങളായി നമ്മുടെ ഭവനങ്ങൾ രൂപപ്പെടണം.

Kottayam Diocese Kottayam Diocese Kottayam Diocese

ദൈവത്തെ അനുസരിക്കുന്ന ലോകത്തെ അനുകരിക്കാതിരിക്കുന്ന വ്യക്തികൾ പാർക്കുന്ന സ്ഥലമാണ് കുടുംബം. പഴയ നിയമത്തിൽ ലോത്തിന്റെ കുടുംബം ഒരു മാതൃകാ കുടുംബം ആയിരുന്നു. അവർ ദൈവവചനം അനുസരിക്കുകയും ദൈവകൃപയ്ക്ക് അർഹരായി തീരുകയും ചെയ്തവരാണ്. എന്നാൽ ആദ്യപുസ്തകം പത്തൊൻപതാം അദ്ധ്യായത്തിൽ ലോത്തിന്റെ ഭാര്യ സുഖഭോഗങ്ങളിലേക്ക് തിരിഞ്ഞുനോക്കിയതായി കാണുവാൻ സാധിക്കുന്നു. ആ തിരിഞ്ഞു നോട്ടം അവരെ നശിപ്പിച്ചു കളഞ്ഞതായി വി.ഗ്രന്ഥം സാക്ഷിക്കുന്നു.

മാറിയ കുടുംബ സങ്കല്പങ്ങളും ആത്മീയ സാംസ്കാരിക മൂല്യങ്ങളിലുണ്ടായ തകർച്ചകളും ഇന്ന് കുടുംബജീവിതത്തിന്റെ മഹിമ കുറച്ചിരിക്കുകയാണ്. കൂടാതെ പാശ്ചാത്യ ജീവിതശൈലി അന്ധമായി അനുകരിക്കാനുള്ള ശ്രമം നമ്മുടെ ഇടയിൽ വ്യാപകമായിരിക്കുന്നു. ഈ അവസരത്തിൽ ദൈവത്തെ അനുസരിക്കുകയും ലോകത്തെ അനുകരിക്കാതിരിക്കുകയും ചെയ്യുന്ന വ്യക്തികളായി നാം രൂപാന്തരപ്പെടണം. അതിലൂടെ നമ്മുടെ കുടുംബങ്ങൾ ക്രിസ്തു കേന്ദ്രീകൃത ദൈവഹിത പ്രകാരം ഉള്ള കുടുംബങ്ങളായി വളർന്നു വരുവാൻ സംഗതിയാകണം. ദൈവം ഏതൊരു ഉദ്ദേശത്തിനു വേണ്ടി കുടുംബം സ്ഥാപിക്കുകയും പരിപോഷിക്കുകയും ചെയ്തുവോ, ആ ലക്ഷ്യപ്രാപ്തിയിൽ എത്തിച്ചേർന്ന് സമൂഹത്തിന് മാതൃകയുള്ള ഒരു ക്രിസ്തീയ കുടുംബം പടുത്തുയർത്തുവാനും അപ്രകാരമുള്ള കുടുംബത്തിലെ അംഗങ്ങളായി തീരുവാനും സർവ്വശക്തനായ ദൈവം നിങ്ങളെ എല്ലാവരെയും സഹായിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ച് - ആശംസിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ദൈവനാമം മഹത്വപ്പെടട്ടേ.

--------------------------------------- ---

**https://mjssakottayamdiocese.com**

M.J.S.S.A KOTTAYAM DIOCESE

| Category | Date of Birth | Time | Marks |
|---|---|---|---|
| Junior | **01.01.2012 to 31.12.2015** | 4 Minutes | 100 |

| Scoring Indicators | Point | Scoring Indicators | Point |
|---|---|---|---|
| ആമുഖം | 5 | ഭാഷാശുദ്ധി | 10 |
| സഭാകമ്പമില്ലാതെ സംസാരിക്കുവാനുള്ള കഴിവ് | 10 | ധാരാവാഹിതം Fluency | 10 |
| ആശയസ്ഫുടത | 40 | സന്ദർഭോചിതമായ ശബ്ദ നിയന്ത്രണം | 10 |
| അക്ഷരസ്ഫുടത | 10 | ഉപസംഹാരം | 5 |

കുട്ടികളുടെ സർഗ്ഗാത്മ കഴിവുകൾ പരിപോഷിപ്പിക്കുവാനുള്ള മികച്ച വേദിയാണ് കലോത്സവം. ഒരു പ്രസംഗം ആരും എഴുതി തരുവാനില്ല / ലഭിക്കാനില്ല എന്ന കാരണത്താൽ ഒരു വിദ്യാർത്ഥിക്കും അവസരം നഷ്ടമാകരുത് എന്ന ചിന്തയിലാണ് ഈ ആശയം ക്രമീകരിച്ചത്.

ജൂണിയർ വിഭാഗത്തിനുള്ള മാതൃക പ്രസംഗം MJSSA കോട്ടയം ഭദ്രാസനത്തിന് വേണ്ടി തയ്യാറാക്കിയ റവ.ഫാ.അഭിലാഷ് ഏബ്രഹാം വലിയവീട്ടിൽ അച്ചനോടുള്ള നന്ദി ഭദ്രാസന കമ്മിറ്റിക്ക് വേണ്ടി അറിയിക്കുന്നു. കുട്ടികൾ ഇവിടെ നൽകിയിട്ടുള്ള മാതൃക പ്രസംഗം വായിച്ച് , ആശയം നഷ്ടപ്പെടാതെ അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും സഹായത്തോടെ ആവശ്യമെങ്കിൽ പ്രസംഗം പുനർക്രമീകരിക്കേണ്ടതാണ്. അതു വഴി ഒരേ മാതൃകയിൽ ഏവരും പ്രസംഗിക്കുന്നതും ഒഴിവാക്കാം. Scoring Indicators കൂടി മനസിലാക്കി മികച്ച രീതിയിൽ മത്സരത്തെ സമീപിക്കുവാൻ കുട്ടികൾക്ക് സാധിക്കട്ടെ. വിജയാശംസകൾ നേരുന്നു.

**അവിനേഷ് തണ്ടാശ്ശേരിൽ**
ഭദ്രാസന ഡയറക്ടർ

M.J.S.S.A
KOTTAYAM DIOCESE

AVINESH ABRAHAM THANDASSERIL
DIRECTOR
M.J.S.S.A KOTTAYAM DIOCESE

https://mjssakottayamdiocese.com